# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3455      19.10.2016 -ൽ മറുപടിയ്ക്ക്

### ഭൂജലപരിപോഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ. എ.പി.അനിൽ കുമാർ | ശ്രീ.മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഭൂജലപരിപോഷണം ജനകീയമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | എ) | ഭൂജല സംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഭൂജല സംരക്ഷണത്തിന്റേയും കൃത്രിമ ഭൂജല സംപോഷണത്തിന്റെയും ആവശ്യകത പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, ലഘുലേഖകളുടെ പ്രസിദ്ധീകരണം, പരസ്യബോർഡുകൾ സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങളും ഭൂജല വകുപ്പ് നടത്തി വരുന്നു. |
| ബി) | ആരുടെയെല്ലാം പങ്കാളിത്തമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത്; വിവരിക്കുമോ; | ബി) | ഭൂജലവകുപ്പിന് കീഴിലുള്ള പദ്ധതികൾ ഭൂജല വകുപ്പ് നേരിട്ടാണ് നടത്തുന്നത്.<br>ഭൂജല വകുപ്പിനെ കൂടാതെ കൃഷിവകുപ്പ്, സോയിൽ കൺസർവേഷൻ ആന്റ് സോയിൽ സർവ്വേ, ജലസേചനം എന്നീ വകുപ്പുകളും ഇത്തരം പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| സി) | ജനങ്ങളെ ബോധവത്കരിക്കാനും ഭൂജലപരിപോഷണം കർശനമായി പാലിക്കപ്പെടാനും എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ? | സി) | ഭൂജല സംരക്ഷണത്തെക്കുറിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ ഭൂജല വകുപ്പ് നടത്തി വരുന്നു.<br>പുതുതായി ആരംഭിക്കുന്ന കുപ്പിവെള്ള കമ്പനികൾക്കും ജലം ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്കും കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ സ്ഥാപിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ അവലംബിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ